കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **158/2026** തിരുവനന്തപുരം, തീയതി : **28/07/2026**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ബിരുദ പ്രവേശനം 2026 -27
## പ്ലസ്ടു സേ (SAY)പരീക്ഷ പാസ്സായവർക്കും ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിക്കാൻ അവസരം

നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും (പ്ലസ്ടു സേ (SAY) പരീക്ഷ പാസ്സായവർ ഉൾപ്പെടെ) ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള എല്ലാ അപേക്ഷകർക്കും പ്രൊഫൈലിൽ പുതിയ കോളേജ്, കോഴ്സ് ഓപ്ഷനുകൾ ഉൾപ്പെടുത്തൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/ സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

നിലവിൽ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾ പഴയ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം ടി ഓപ്ഷനുകൾ സപ്ലിമെന്ററി അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്. എന്നാൽ പുതുതായി ഓപ്ഷൻ നൽകിയാൽ അവർ പ്രൊഫൈലിൽ മുൻപ് നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുകയും പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രം തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതുമാണ്.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരുടെയും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകരുടെയും മുൻ അലോട്ട്മെന്റിൽ നൽകിയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.പ്രസ്തുത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.

നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.

പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ **(Reconsider)** എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ **(options for supplementary allotment)** അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ **(APAAR)** ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ **(APAAR)** ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി **www.abc.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ **(APAAR)** ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്. വെബ്സൈറ്റ് : **https://admissions.keralauniversity.ac.in/fyugp2026**, ഹെൽപ്പ് ലൈൻ നമ്പർ : **8281883052.**

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ആഗസ്റ്റ് 06 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ നാലാം സെമസ്റ്റർ ബിടെക്, ജൂൺ 2026 (2020 സ്കീം - റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി - 2020 – 2023 അഡ്മിഷൻ വരെ) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 ആഗസ്റ്റ് 04 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല **2026** മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾ ടിക്കറ്റുമായി 2026 ജൂലൈ 30 മുതൽ ആഗസ്റ്റ് 04 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യൂവേഷൻ ഇ.ജെ. X വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**